**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4492** **29-10-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ആദിവാസി ഫാമിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി ഫാമിന്റെ 2730 ഏക്കർ ഭൂമി ടൂറിസം പദ്ധതിക്കായി സ്വകാര്യ സ്ഥാപനത്തിന് കൈമാറാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള ഭൂമി ഫാം ടൂറിസത്തിനായി Right to use വ്യവസ്ഥയിൽ നൽകാൻ തീരുമാനിച്ച സംഘത്തിന്റെ നടപടി റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന് ആധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് വകുപ്പിൽ നിന്നും ഉത്തരവുകൾ നൽകിയിട്ടില്ല. |
| (സി) | സ്വകാര്യ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ട ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് അറിയിക്കാമോ; | (സി) | അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റി ഭരണ സമിതി തീരുമാനമനുസരിച്ച് സംഘം മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ഒറ്റപ്പാലം സബ് കളക്ടറാണ് ധാരണാപത്രം ഒപ്പുവെച്ചിരുന്നത്. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ആരോപണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള ശിക്ഷണനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ